"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- പത്തനംതിട്ട സോഷ്യൽ ഫോറസ്റ്റി ഡിവിഷനു കീഴിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ അന്തരിച്ച ബാലസുബ്രഹ്മണ്യൻ.ആർ.ന്റെ മകനായ ശ്രീ.ഇന്ദ്രജിത്ത്.ടി.ബി. യ്ക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.55/2022/F&WLD  തീയതി,തിരുവനന്തപുരം, 26-11-2022.

പരാമർശം:-
1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ.ഇന്ദ്രജിത്ത്.ടി.ബി, ഉണ്ടിയിൽ ഹൗസ്, ഇടശ്ശേരി മല, ആറൻമുള, പത്തനംതിട്ട- 689533 സമർപ്പിച്ച 01.10.2021 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11.11.2021, 10.11.2022 തീയതികളിലെ ഇ6-4619/2021 നമ്പർ കത്തുകളും അനുബന്ധരേഖകളും.
4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 20.05.2022 ലെ DCPTA/5146/ 2021-S4 നമ്പർ കത്തും അനുബന്ധ രേഖകളും.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ പത്തനംതിട്ട സോഷ്യൽ ഫോറസ്റ്റി ഡിവിഷനു കീഴിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ 06.12.2019 ൽ അന്തരിച്ച ബാലസുബ്രഹ്മണ്യൻ.ആർ.ന്റെ മകനായ ശ്രീ.ഇന്ദ്രജിത്ത്.ടി.ബി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. കോഴഞ്ചേരി തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ ഭാര്യ ഇന്ദുമതി.കെ.എസ്, മകൻ ഇന്ദ്രജിത്, നവസൂര്യ എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകന് ആശ്രിതനിയമനം നൽകുന്നതിന് അനുകൂല മൊഴി നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 13.03.2003 ആണ്. ടിയാന് 19 വയസ്സ് പൂർത്തിയായിട്ടുള്ളതും എസ്.എസ്.എൽ.സി, പ്ലസ് ടു എന്നിവ പാസ്സായിട്ടുള്ളതുമാണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 2,52,000/-രൂപയാണെന്ന് ആറൻമുള വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ പത്തനംതിട്ട സോഷ്യൽ ഫോറസ്റ്റി ഡിവിഷനു കീഴിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ 06.12.2019 ൽ അന്തരിച്ച ബാലസുബ്രഹ്മണ്യൻ.ആർ.ന്റെ മകനായ ശ്രീ.ഇന്ദ്രജിത്ത്.ടി.ബി.യ്ക്ക്, പത്തനംതിട്ട ജില്ലയിൽ വനം വന്യജീവി വകുപ്പിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിലവിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച ചട്ടങ്ങൾക്കും വിധേയമായി, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും, ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട.
ശ്രീ.ഇന്ദ്രജിത്ത്.ടി.ബി, തുണ്ടിയിൽ ഹൗസ്, ഇടശ്ശേരി മല, ആറൻമുള, പത്തനംതിട്ട- 689 533 (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 29-11-2022 10:25:00**
സെക്ഷൻ ഓഫീസർ.